# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 346- 31.01.2014 -ലെ മറുപടിക്ക്**

## വായ്പ വിനിയോഗം

**ചോദ്യം**

**ഡോ. ടി.എം.തോമസ് ഐസക്**
**ശ്രീ. കെ. രാധാകൃഷ്ണൻ**
**,, പി. ശ്രീരാമകൃഷ്ണൻ**
**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത എഴുതിത്തള്ളണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധമായ സർക്കാരിന്റെ നിലപാട് വെളിപ്പെടുത്താമോ; 13-ാം ധനകാര്യ കമ്മിഷൻ ഇക്കാര്യത്തിൽ മുന്നോട്ടുവെച്ച ശുപാർശ എന്തായിരുന്നു; വ്യക്തമാക്കാമോ; | 12-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്ത് നൽകിയ കേന്ദ്ര വായ്പയിൽ 31.03.2012-ൽ ബാക്കി നിൽപ്പുണ്ടായിരുന്ന **2716** കോടി രൂപ എഴുതി തള്ളുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രം ഈ ആവശ്യം പരിഗണിക്കുകയുണ്ടായില്ല.<br>പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിൽ കേരളത്തിന്റെ കടബാധ്യത ലഘൂകരിക്കുന്നതിന് കടാശ്വാസം അനുവദിക്കണമെന്നും മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിതള്ളണമെന്നും അതിന് കഴിഞ്ഞില്ലായെങ്കിൽ പ്രസ്തുത വായ്പയുടെയും അതിന്മേലുള്ള പലിശയുടെയും 50 ശതമാനമെങ്കിലും എഴുതിത്തള്ളണമെന്നും ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കായി കേന്ദ്രപദ്ധതികൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി 2009-10 സാമ്പത്തിക വർഷം വരെ കേന്ദ്ര ധനകാര്യേതര മന്ത്രാലയങ്ങളിൽ നിന്ന് അനുവദിച്ചിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനും ദേശീയ സമ്പാദ്യ |

| | |
|---|---|
| | പദ്ധതിയിൽ നിന്നുള്ള 2006-07 വർഷം വരെ എടുത്തിട്ടുള്ളതും 2009-10 സാമ്പത്തിക വർഷം വരെ തിരിച്ചടക്കാൻ ബാക്കിയുള്ളതുമായ വായ്പകളിന്മേലുള്ള പലിശ നിരക്ക് 9 ശതമാനമായി കുറവ് ചെയ്യുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത വായ്പകൾ എഴുതിത്തള്ളുന്നതിന് സാമ്പത്തിക ദൃഢീകരണ പാതയ്ക്കനുസരിച്ച് ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യണമെന്ന് 13-ാം ധനകാര്യ കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധന ഉത്തരവാദിത്ത നിയമം ധനകാര്യ കമ്മീഷൻ ശുപാർശയ്ക്കനുസരിച്ച് ഭേദഗതി ചെയ്തതിനാൽ വിവിധ മന്ത്രാലയങ്ങളിൽ നിന്നുള്ള വായ്പ ഇനത്തിൽ 51.18 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്. |
| (ബി) തന്നാണ്ടിൽ എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് സർക്കാർ വായ്പ എടുത്തിട്ടുള്ളത്; പ്രസ്തുത ആവശ്യങ്ങൾക്ക് തന്നെ അവ വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | പദ്ധതി-പദ്ധതിയേതര മേഖലകളിലെ വികസന ചെലവുകൾക്കായി ദേശീയ ലഘു സമ്പാദ്യ പദ്ധതിയിൽ നിന്നും പൊതു വിപണിയിൽ നിന്നും, ഗ്രാമീണ അടിസ്ഥാന വികസന പദ്ധതികൾക്കായി നബാർഡിൽ നിന്നും വിദേശ സഹായ പദ്ധതികൾക്കായി കേന്ദ്രസർക്കാർ മുഖേനയും തന്നാണ്ടിൽ വായ്പ യെടുത്തിട്ടുണ്ട്. പദ്ധതി-പദ്ധതിയേതര വികസന ചെലവുകൾക്കായിട്ടാണ് പ്രസ്തുത വായ്പകൾ വിനിയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ